## സൂറഃ-9

# അത്തൗബ

**38.** അല്ലയോ സത്യവിശ്വാസികളായവരേ, നിങ്ങൾക്കെന്തുപറ്റി? ദൈവിക മാർഗത്തിൽ ഇറങ്ങിപ്പുറപ്പെടുവിൻ എന്നാവശ്യപ്പെട്ടപ്പോൾ നിങ്ങൾ നിലത്തോടൊട്ടിക്കളഞ്ഞുവല്ലോ! നിങ്ങൾ പരലോകത്തിനു പകരം ഭൗതിക ജീവിതത്തെ തൃപ്തിപ്പെട്ടുവോ? എങ്കിൽ അറിഞ്ഞിരിക്കുക, ഭൗതിക ജീവിതത്തിന്റെ വിഭവങ്ങളൊക്കെയും പരലോകത്ത് അതീവ തുച്ഛമായതാകുന്നു.

**39.** ദൈവിക മാർഗത്തിൽ ഇറങ്ങിത്തിരിക്കാൻ വിസമ്മതിക്കുന്നുവെങ്കിൽ അല്ലാഹു നിങ്ങൾക്കു വേദനയേറിയ ശിക്ഷ നൽകും. നിങ്ങളുടെ സ്ഥാനത്തു മറ്റൊരു ജനതയെ എഴുന്നേൽപിക്കുകയും ചെയ്യും. അല്ലാഹുവിന് ഒരു ദ്രോഹവും ചെയ്യാൻ നിങ്ങൾക്കു കഴിയുകയില്ല. അല്ലാഹു സകല സംഗതികൾക്കും കഴിവുള്ളവനല്ലോ.

يَا أَيُّهَا الَّذِينَ آمَنُوا مَا لَكُمْ إِذَا قِيلَ لَكُمُ انفِرُوا فِي سَبِيلِ اللَّهِ
اثَّاقَلْتُمْ إِلَى الْأَرْضِ ۚ أَرَضِيتُم بِالْحَيَاةِ الدُّنْيَا مِنَ الْآخِرَةِ ۚ فَمَا مَتَاعُ
الْحَيَاةِ الدُّنْيَا فِي الْآخِرَةِ إِلَّا قَلِيلٌ ﴿٣٨﴾

إِلَّا تَنفِرُوا يُعَذِّبْكُمْ عَذَابًا أَلِيمًا وَيَسْتَبْدِلْ قَوْمًا غَيْرَكُمْ وَلَا تَضُرُّوهُ شَيْئًا ۗ
وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٣٩﴾

يَا أَيُّهَا الَّذِينَ آمَنُوا= അല്ലയോ വിശ്വാസികളായവരേ مَا لَكُمْ= നിങ്ങൾക്ക് എന്തുപറ്റി
إِذَا قِيلَ لَكُمُ= നിങ്ങളോട് പറയ(ആവശ്യ)പ്പെട്ടപ്പോൾ انفِرُوا= (എന്ന്) പുറപ്പെടുവിൻ, നിങ്ങൾ ഇറങ്ങിപ്പുറപ്പെടുവിൻ
فِي سَبِيلِ اللَّهِ= അല്ലാഹുവിന്റെ മാർഗത്തിൽ اثَّاقَلْتُمْ= നിങ്ങൾ ഭാരം തൂങ്ങി, ഒട്ടിക്കളഞ്ഞു(വല്ലോ)
إِلَى الْأَرْضِ= (നിലത്തോട്) ഭൂമിയിലേക്ക് أَرَضِيتُم= നിങ്ങൾ തൃപ്തിപ്പെട്ടുവോ بِالْحَيَاةِ الدُّنْيَا= ഭൗതിക ജീവിതം(ത്തെ)കൊണ്ട്
مِنَ الْآخِرَةِ= പരലോകത്തിനു പകരം
فَمَا مَتَاعُ الْحَيَاةِ الدُّنْيَا= അല്ല (എങ്കിൽ അറിഞ്ഞിരിക്കുക) ഭൗതിക ജീവിതത്തിന്റെ വിഭവങ്ങൾ (ഒക്കെയും)
فِي الْآخِرَةِ= പരലോകത്ത് إِلَّا قَلِيلٌ= കുറഞ്ഞത് അല്ലാതെ(അതീവ തുച്ഛമാകുന്നു)
إِلَّا تَنفِرُوا= (ദൈവികമാർഗത്തിൽ) നിങ്ങൾ ഇറങ്ങിത്തിരിക്കുന്നില്ലെങ്കിൽ يُعَذِّبْكُمْ= അവൻ നിങ്ങൾക്ക് ശിക്ഷ നൽകും
عَذَابًا أَلِيمًا= വേദനയേറിയ ശിക്ഷ وَيَسْتَبْدِلْ= അവൻ പകരമാക്കും(നിങ്ങളുടെ സ്ഥാനത്ത് എഴുന്നേൽപിക്കുകയും ചെയ്യും)
قَوْمًا= ജനതയെ غَيْرَكُمْ= നിങ്ങളല്ലാത്ത(മറ്റൊരു)
وَلَا تَضُرُّوهُ= അവനെ(അല്ലാഹുവിന്) നിങ്ങൾ ദ്രോഹിക്കുകയുമില്ല(ദ്രോഹം ചെയ്യാൻ കഴിയില്ല) شَيْئًا= യാതൊ(ന്നും)രു
وَاللَّهُ عَلَىٰ كُلِّ شَيْءٍ= അല്ലാഹു സകലസംഗതികൾക്കും قَدِيرٌ= കഴിവുള്ളവനല്ലോ

**38:** ഇവിടം മുതൽ സൂറയുടെ അവസാനം വരെ തബൂക്ക് യുദ്ധം സംബന്ധിച്ച പ്രഭാഷണമാണ്. മദീനക്കെതിരെ പടയൊരുക്കം നടത്തുന്ന റോമൻ സൈന്യത്തെ ഒറ്റക്കെട്ടായും ധീരമായും നേരിടാനുള്ള ആഹ്വാനമാണ് ഇതിൽ മുഴങ്ങുന്നത്. ഒപ്പം മുസ്‌ലിം സമൂഹത്തിന്റെ ആഭ്യന്തര ദൗർബല്യങ്ങളെ സംബന്ധിച്ച സൂചനകളും അവക്കുള്ള പരിഹാര നിർദേശങ്ങളും കാണാം.

ഇസ്‌ലാം അറേബ്യൻ ഉപദ്വീപിൽ വൻ സ്വാധീനം നേടി

യത് റോമാ സാമ്രാജ്യത്തെ അസ്വസ്ഥമാക്കിയിരുന്നു. ഈ പുതിയ മതം അറേബ്യക്കു ചുറ്റുമുള്ള തങ്ങളുടെ അധിനിവിഷ്ട പ്രദേശങ്ങളിലേക്ക് പടരാതിരിക്കാൻ മുസ്‌ലിംകളെ അടിച്ചൊതുക്കേണ്ടതുണ്ടെന്ന് അവർ തീരുമാനിച്ചു. ഏതു സന്ദർഭത്തിലും ക്രൈസ്തവ പക്ഷത്തുനിന്ന് ഒരു ആക്രമണമുണ്ടാകാമെന്ന് മദീനയും ഭയപ്പെട്ടിരുന്നു. പ്രവാചകനും സഖാക്കളും ഹുനൈൻ യുദ്ധം കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തി അധികം താമസിയാതെ തന്നെ, മദീനയുടെ അതിർത്തി പ്രദേശത്ത് റോമൻ സൈന്യം മുസ്‌ലിംകൾക്കെതിരെ പടയൊരുക്കം നടത്തുന്നുണ്ടെന്ന് സിറിയയിൽ നിന്നെത്തിയ കച്ചവടസംഘങ്ങൾ മുഖേന പ്രവാചകന് അറിവുകിട്ടി. ആപത്ത് കൂടുതൽ കനക്കുന്നതിനു മുമ്പ് അവരെ അങ്ങോട്ടുചെന്ന് തടയാൻ പ്രവാചകൻ(സ) തീരുമാനിച്ചു. വിശ്വാസികളോട് ഉടനെ സമരസജ്ജരായി തബൂക്കിലേക്ക് പുറപ്പെടാൻ നബി ആഹ്വാനം ചെയ്തു. റോമൻസൈന്യം താവളമടിച്ചത് അവിടെയായിരുന്നു. ജുദാം, ലഖം തുടങ്ങിയ ഏതാനും അറബി ക്രൈസ്തവ ഗോത്രങ്ങളും അവരോടൊപ്പം ചേർന്നിട്ടുണ്ടായിരുന്നു. മദീനക്കും ദമസ്കസിനും ഇടയിൽ മദീനയിൽനിന്ന് 690 കി.മീ ഉം ദമസ്കസിൽനിന്ന് 692 കി.മീ ഉം അകലെ സ്ഥിതിചെയ്യുന്ന പ്രദേശമാണ് തബൂക്ക്. ഹി. 9–ാം ആണ്ട് റജബ് മാസത്തിലാണ് സംഭവം. മദീനയിലേക്ക് മാർച്ച് ചെയ്യാൻ ഖുബാദ് എന്ന സൈനിക നായകന്റെ കീഴിൽ നാൽപതിനായിരം ഭടന്മാരാണ് സംഘടിച്ചിരുന്നത്.

വേണ്ടത്ര വിശ്വാസ ദാർഢ്യമില്ലാത്ത ചില മുസ്‌ലിംകൾ, ബദവികൾ(ഗ്രാമീണ അറബികൾ) വിശേഷിച്ചും പ്രവാചകന്റെ ആഹ്വാനം ചെവികൊള്ളാൻ വല്ലാതെ മടിച്ചു. അതിനു കാരണങ്ങൾ പലതായിരുന്നു. ഒന്നാമതായി ദീർഘയാത്രക്ക് അനുയോജ്യമല്ലാത്ത അത്യുഷ്ണ കാലമായിരുന്നു അത്. പോരാത്തതിന് അവശ്യവസ്തുക്കൾക്ക് നല്ല ക്ഷാമവും. രണ്ട്, മദീനയിലും പരിസരങ്ങളിലും കാർഷിക വിളവെടുപ്പ് അടുത്തുവരുന്ന അവസരം. ഫലങ്ങൾ പറിച്ചെടുത്ത് തോട്ടത്തിന്റെ ശീതളഛായയിൽ വിശ്രമിക്കാനാണ് കർഷകർ പൊതുവിൽ ഇഷ്ടപ്പെട്ടത്. മൂന്ന്, റോമൻ പടയെ സംബന്ധിച്ച ഭീതി. അക്കാലത്തെ ഏറ്റവും വലിയ സാമ്രാജ്യശക്തിയായിരുന്നു റോം. മറ്റൊരു സാമ്രാജ്യശക്തിയായ പേർഷ്യയെ അവർ പരാജയപ്പെടുത്തിയിട്ട് ഏറെ കാലമായിട്ടില്ല. ഇത്ര ഗംഭീരമായ ഒരു ശക്തിയുമായി ഏറ്റുമുട്ടി ജയിക്കാൻ തങ്ങൾക്ക് കഴിയില്ലെന്ന് അവർക്കുതോന്നി. നാല്, വിഗ്രഹാരാധകരെയും യഹൂദരെയും അപേക്ഷിച്ച് മുസ്‌ലിംകളോട് മമതയുള്ളവരായിട്ടാണ് ക്രൈസ്തവർ കരുതപ്പെടുന്നത്. പേർഷ്യക്കാർ ആദ്യം റോമിനെ തോൽപിച്ചപ്പോൾ മുസ്‌ലിംകൾ അതിൽ ദുഃഖിക്കുകയുണ്ടായി. പിന്നീട് റോം പേർഷ്യക്കു മേൽ വിജയം നേടിയപ്പോൾ അതിൽ സന്തോഷിക്കുകയും ചെയ്തു. വിഗ്രഹാരാധകർക്ക് ആധികാരികമായ ധർമസംഹിതയോ ദൈവിക പ്രമാണങ്ങളോ ഇല്ല. ഇസ്‌ലാമിന്റെ ബദ്ധ വൈരികളുമാണവർ. യഹൂദരാവട്ടെ, അന്ത്യപ്രവാചകൻ ഇസ്രയേൽ വംശജനല്ലാത്തതിനാൽ അദ്ദേഹത്തോടും അദ്ദേഹത്തിന്റെ സമുദായത്തോടും തീരാപ്പക പുലർത്തുന്നവരാണ്. ആദ്യകാലത്ത് ക്രിസ്ത്യാനികൾക്ക് അത്ര അന്ധമായ ഇസ്‌ലാം വിരോധമുണ്ടായിരുന്നില്ല. തങ്ങളെപ്പോലെ വേദത്തിലും പ്രവാചകനിലും ധർമസംഹിതയിലും വിശ്വസിക്കുന്ന വിഭാഗമായി അവർ മുസ്‌ലിംകളെ കണ്ടിരുന്നു. മുസ്‌ലിംകൾ അങ്ങോട്ടും അതേവിധം തന്നെ പെരുമാറി. ഇസ്‌ലാമിന്റെ സ്വാധീനം നാൾക്കുനാൾ വർധിച്ചുവന്നത് അവരെയും അതിന്റെ ശത്രുനിരയിലേക്ക് അടുപ്പിച്ചുകൊണ്ടിരിക്കുന്നത് സാധാരണക്കാർ മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ട്, പണ്ട് വിജയിച്ചുകാണാൻ തങ്ങൾ ആഗ്രഹിച്ചിരുന്ന ഒരു വിഭാഗത്തോട് ഇപ്പോൾ യുദ്ധത്തിനൊരുമ്പെടുന്നത് ചിലർക്ക് ഉൾക്കൊള്ളാൻ പ്രയാസമായിത്തീർന്നു. മദീനയിലും പരിസരത്തുമുണ്ടായിരുന്ന കപടവിശ്വാസികൾ ഈ ദൗർബല്യങ്ങളെ നന്നായി ചൂഷണം ചെയ്തുകൊണ്ടുമിരുന്നു. ആളുകളെ സൈന്യത്തിൽ ചേരുന്നതിൽനിന്ന് പിന്തിരിപ്പിക്കാൻ അവർ കിണഞ്ഞു ശ്രമിച്ചു. അഞ്ചാംപത്തി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി ചില കപടവിശ്വാസികൾ ഒരിക്കൽ സുവൈലിം എന്ന യഹൂദന്റെ വീട്ടിൽ യോഗം ചേരുകയുണ്ടായി. തക്കസമയത്ത് വിവരമറിഞ്ഞ പ്രവാചകൻ ത്വൽഹത്ബ്നു ഉബൈദുല്ലയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ അങ്ങോട്ടയച്ചു. അവർ ചെന്ന് കപടന്മാർ സമ്മേളിച്ച വീടിന് തീവെക്കുകയായിരുന്നു. കുറെപ്പേർ വീട്ടിന്റെ പിൻവശത്തിലൂടെ ഓടിരക്ഷപ്പെട്ടെങ്കിലും ചിലർക്ക് ജീവാപായം സംഭവിക്കുകയും ചിലർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇസ്‌ലാമിക രാഷ്ട്രത്തിനകത്തുനിന്നുകൊണ്ട് അതിനെ തകർക്കാൻ ശ്രമിക്കുന്ന ഛിദ്രശക്തികൾക്ക് നല്ലൊരു പാഠമാകാൻ വേണ്ടിയാണ് മുസ്‌ലിംകൾ ഈ കടുത്ത നടപടി സ്വീകരിച്ചത്. അത് ഏറക്കുറെ ഫലിക്കുകയും ചെയ്തു. പിന്നീട് ആരും ഇത്തരം പ്രവർത്തനത്തിന് മുതിരുകയുണ്ടായില്ല.

മറുവശത്ത് ത്യാഗസന്നദ്ധരും ധീരാത്മാക്കളുമായ ദൃഢവിശ്വാസികൾ ശത്രുക്കളെ ചെറുക്കാൻ ആവേശപൂർവം മുന്നോട്ടു വന്നുകൊണ്ടിരുന്നു. ആയുധങ്ങളുടെയും വാഹനങ്ങളുടെയും ക്ഷാമമായിരുന്നു അവരെ അലട്ടിയ വലിയ പ്രശ്നം. ഉസ്മാനുബ്നു അഫ്ഫാനെപ്പോലുള്ള സമ്പന്നർ യുദ്ധ ഫണ്ടിലേക്ക് ഉദാരമായി സംഭാവന നൽകി. സ്വന്തം നിലയിൽ കഴിവുള്ളവരെല്ലാം അവരവർക്കാവശ്യമുള്ള ആയുധങ്ങളും വാഹനങ്ങളും സ്വയം സംഘടിപ്പിച്ചു. കഴിവില്ലാത്തവരിൽ കുറേപേരെ യുദ്ധ ഫണ്ടുകൊണ്ട് സഹായിക്കാൻ പ്രവാചകനു സാധിച്ചു. മറ്റുള്ളവരോട് നബി(സ) വ്യസനസമേതം പറഞ്ഞു: "എന്തുചെയ്യാം. നിങ്ങളെ കൂടെകൊണ്ടുപോകാൻ വേണ്ട വിഭവങ്ങൾ എന്റെ പക്കലില്ല." ആയുധവും വാഹനവും കിട്ടാത്തതിനാൽ തബൂക്ക് യാത്രയിൽ പങ്കെടുക്കാൻ കഴിയാതെ പോയതിൽ ദുഃഖിച്ച് കണ്ണീർ വാർത്തുകൊണ്ടാണ് അവർ പിരിഞ്ഞുപോയത്. ഇക്കൂട്ടർ പിൽക്കാലത്ത് 'ബുകാഊൻ' (വിലപിച്ചവർ) എന്നറിയപ്പെട്ടു.

ഒടുവിൽ മുപ്പതിനായിരം ഭടന്മാരുള്ള സൈന്യവുമായി പ്രവാചകൻ ശാമിനെ ലക്ഷ്യമാക്കി നീങ്ങി. മുന്നണിയിൽ പതിനായിരത്തോളം അശ്വഭടന്മാരും പിന്നണിയിൽ ഇരുപതിനായിരത്തോളം കാലാളുകളുമായി ആ മഹാസൈന്യം പടഹധ്വനികളും പൊടിപടലങ്ങളുമുതിർത്തുകൊണ്ട് മദീന വിടുന്ന കാഴ്ച, ആദ്യം പലവക ഒഴികഴിവുകൾ പറഞ്ഞ് സൈനികയാത്രയിൽനിന്ന് പിന്മാറിനിന്നവരെപ്പോലും ആവേശഭരിതരാക്കി. അവരിൽ പലരും സ്വയം പ്രേരിതരായി സൈന്യത്തോടൊപ്പം ചേർന്നു.

പ്രവാചകനും സംഘവും ഹിജ്ർ എന്ന സ്ഥലത്തെത്തിയപ്പോഴേക്കും ബൈസാന്റിയക്കാർ വിവരമറിഞ്ഞു. അത്തരമൊരു സൈന്യവുമായി തുറന്ന സ്ഥലത്ത് പോരാടുന്നത് ആപൽക്കരമായി അവർക്കു തോന്നി. അവർ തബൂക്കിൽനിന്ന് സൈന്യത്തെ ശാമിന്റെ അതിർത്തിക്കകത്തേക്കു പിൻവലിച്ചു. മുസ്‌ലിംകളുമായി ഏറ്റുമുട്ടുകയാണെങ്കിൽ അത് സ്വന്തം പ്രദേശത്തെ സുഭദ്രമായ കോട്ടകൊത്തളങ്ങളിൽ നിലയുറപ്പിച്ചുകൊണ്ടാകുന്നതാണ് ഗുണകരം എന്നായിരുന്നു തീരുമാനം. മുസ്‌ലിം സൈന്യം തബൂക്കിലെത്തിയപ്പോൾ റോമൻസൈന്യം സ്വന്തം അതിർത്തിക്കുള്ളിലേക്കു പിന്മാറിക്കഴിഞ്ഞിരുന്നു. പ്രവാചകൻ അതിർത്തികടന്ന് അവരെ പിന്തുടരാൻ തുനിഞ്ഞി

ല്ല. ശത്രുക്കൾ ഇനിയും അതിർത്തി കടന്നുവരാതിരിക്കാനുള്ള നടപടികളിലേർപ്പെട്ടുകൊണ്ട് തിരുമേനി കുറച്ചുനാൾ ത്വബൂക്കിൽതന്നെ പാർത്തു. ഇതിനിടയിൽ അതിർത്തി പ്രദേശത്തെ ചില നാടുവാഴികളുമായി അദ്ദേഹം സമാധാനക്കരാറുകളുണ്ടാക്കി. ഐലയിലെ യോഹന്നാൻ ബിൻ റുഅ്‌യാ അക്കൂട്ടത്തിൽ പെടുന്നു. ശാമിന്റെ ഭാഗമായ ജർബാഅ്, ഉദ്‌റുജ് എന്നീ പ്രദേശങ്ങളിലെ ജനങ്ങളുമായും പ്രവാചകൻ കരാറിലേർപ്പെട്ടു.

ത്വബൂക്കിൽ യുദ്ധമൊന്നും ഉണ്ടായില്ലെങ്കിലും മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഒരു വൻവിജയം തന്നെയായിരുന്നു ഈ സൈനിക യാത്ര. അക്കാലത്തെ ഏറ്റവും പ്രബല സാമ്രാജ്യമായ റോമിന്റെ സൈന്യം മുസ്‌ലിംകളോട് ഏറ്റുമുട്ടാൻ മടിച്ചു പിൻവാങ്ങി എന്നത് ചെറിയ കാര്യമായിരുന്നില്ല. അത് അറബികളിലും അനറബികളിലും ഇസ്‌ലാമിന്റെയും മുസ്‌ലിം സൈനിക ശക്തിയുടെയും പ്രതിഛായ ഏറെ തിളക്കമുള്ളതാക്കി. മക്കാ വിമോചനം അറബികൾക്കിടയിൽ സൃഷ്ടിച്ച അതേ പ്രതികരണമാണ് ത്വബൂക്ക് സംഭവം അറേബ്യക്കു ചുറ്റുമുള്ള അനറബി പ്രദേശങ്ങളിൽ സൃഷ്ടിച്ചത്. രണ്ടും രണ്ടിടത്തെയും അക്കാലത്തെ ഏറ്റം പ്രബലമായ ശക്തിയും മുസ്‌ലിംകളും തമ്മിലുള്ള സംഘർഷമായിരുന്നു. മക്കാ വിമോചനത്തിൽ ഖുറൈശികളുടെ അടിയറവ്, ഇസ്‌ലാമിനെ സായുധമായി ചെറുക്കാനാഗ്രഹിച്ച പല ഗോത്രങ്ങളെയും അതിൽനിന്ന് പിന്തിരിപ്പിച്ചു. ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള ആദരവും ഭയവും അറബികൾക്കിടയിൽ പൊതുവിൽ വളരെ വർധിക്കുകയും ചെയ്തു. ത്വബൂക്ക് സംഭവം അന്നത്തെ അറേബ്യക്കു പുറത്തുള്ള ജനതകളിലും ഇതേ വികാരം തന്നെ വളർത്തി. റോമിന്റെ പിന്മാറ്റം മുസ്‌ലിംകളുടെ ആത്മവിശ്വാസവും ഏറെ വളർത്തി. പ്രവാചകനു ശേഷം ഖലീഫ അബൂബക്കറിന്റെയും ഉമറിന്റെയും(റ) കാലത്തു നടന്ന ശാമിന്റെ സമ്പൂർണമായ ഇസ്‌ലാം വൽക്കരണത്തിനു അല്ലാഹു അടിത്തറയിടുകയായിരുന്നു ത്വബൂക്ക് സംഭവത്തിലൂടെ എന്ന് മനസ്സിലാക്കാം.

نفر എന്ന മൂലത്തിൽനിന്നുള്ള ബഹുവചന ശാസനാ ക്രിയയാണ് اَنفِرُوا. നഫ്‌റിന് نفور എന്ന മറ്റൊരു രൂപവുമുണ്ട്. സമരം, വിദ്യാഭ്യാസം പോലുള്ള ഗൗരവമുള്ള കാര്യങ്ങൾക്ക് വേണ്ടി ഇറങ്ങിത്തിരിക്കുകയാണ് نفر. വിജ്ഞാനം തേടിപ്പോകുന്നതിന് نَفَرَ للتَّفَقُّه എന്നു പറയുന്നു. സമരസജ്ജരായി പുറപ്പെടാൻ ജനങ്ങളോട് കൽപിക്കുന്നതിന് استنفر النّاس الى القتال എന്നും അതനുസരിച്ച് പുറപ്പെടുന്നവരെ نفير എന്നുംവിളിക്കുന്നു. പത്തിൽതാഴെ അംഗങ്ങളുള്ള സംഘമാണ് സാധാരണ അർഥത്തിൽ نفير. ഇവിടെ اخرجوا -പുറപ്പെടുവിൻ- എന്ന വാക്കിനു പകരം اَنفِرُوا എന്നു പ്രയോഗിച്ചതിൽ രണ്ടു പ്രത്യേക ധ്വനികളുണ്ട്. ഈ പുറപ്പാടിന്റെ പ്രാധാന്യവും ഗൗരവവുമാണ് ഒന്ന്. സംബോധിതർ കുടുംബങ്ങളും ഗോത്രങ്ങളുമാണ്. ഓരോ കുടുംബത്തിൽനിന്നും ഗോത്രത്തിൽനിന്നും സമരസജ്ജരായ ചെറുസംഘങ്ങൾ പുറപ്പെട്ടുവരേണം എന്നാണ് രണ്ടാമത്തെ ധ്വനി.

ثقل (ഭാരം) എന്ന പദത്തിൽനിന്നുള്ള ഒരു ക്രിയാരൂപമാണ് اَثَّاقَلْتُمْ. അസൽരൂപം اتثاقلتم എന്നാണ്. تയും ثയും ഉച്ചാരണ സാദൃശ്യമുള്ള അക്ഷരങ്ങളായതുകൊണ്ട് ആരംഭത്തിലെ تയെ ثയാക്കി മാറ്റുകയും അതിനെ രണ്ടാമത്തെ ثയിൽ ലയിപ്പിക്കുകയും ചെയ്തശേഷം ഉച്ചാരണ സൗകര്യാർഥം اയെ കൂട്ടിച്ചേർക്കുകയും ചെയ്തതാണ് اَثَّاقَلْتُمْ. നിങ്ങൾ ഭാരം തൂങ്ങി എന്നാണ് അതിന്റെ ഭാഷാർഥം. ഒരു സംഗതി ചെയ്യൽ ഭാരമായി തോന്നി, മടിച്ചു, അമാന്തിച്ചു തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിച്ചു വരുന്നു. اثاقل الى الارض എന്നാൽ, നേട്ടങ്ങൾക്കുവേണ്ടി സാഹസങ്ങളിലേർപ്പെടാതെ നിലവിലുള്ള അവസ്ഥയിൽതന്നെ ഒട്ടിനിന്നു, നിഷ്ക്രിയനായി കുത്തിയിരുന്നു എന്നർഥം. اَرَضِيتُم بِالْحَيَوٰةِ الدُّنْيَا مِنَ الْاٰخِرَةِ എന്ന വാക്യത്തിന്റെ പൂർണരൂപം ارضيتم بالمتاع الدنيا من متاع الاخرة (പരലോക വിഭവങ്ങൾക്കുപകരം നിങ്ങൾ ഭൗതിക ജീവിതത്തിന്റെ വിഭവങ്ങൾ തൃപ്തിപ്പെട്ടുവോ?) എന്നാണ്. തുടർന്നുള്ള فَمَا مَتَٰعُ الْحَيَوٰةِ الدُّنْيَا എന്ന വാക്യത്തിൽനിന്ന്, ആദ്യവാക്യത്തിലെ രണ്ട് متاع ഉം അനുക്തസിദ്ധമാണ് എന്ന് മിസ്സിലാക്കാം. ഈ വാക്യത്തിൽ مِنَ الْاٰخِرَةِലെ من എന്ന പദം بدلا (പകരമായി) എന്ന അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

ഭൗതിക വിഭവങ്ങൾ ഭൗതിക ദൃഷ്ടിയിൽ വളരെ വിശാലവും വർധിച്ചതുമായി തോന്നാം. പക്ഷേ, പരലോകത്തെ അപേക്ഷിച്ച് ഭൗതിക ലോകം മുഴുവൻ തന്നെ വളരെ ക്ഷണികവും ക്ഷുദ്രവുമാകുന്നു. അതുകൊണ്ട് ഭൗതിക ദൃഷ്ടിയിൽ എത്ര സമൃദ്ധവും സുസ്ഥിരവുമായിത്തോന്നുന്ന വിഭവങ്ങളും പരലോക വിഭവങ്ങളുടെ മുമ്പിൽ അതീവ തുഛമായിരിക്കും. നബി(സ) പ്രസ്താവിച്ചതായി മുസ്തൗരിദ് ഉദ്ധരിക്കുന്നു:

ماالدنيا فى الآخرة الا كمايمشى احدكم الى اليم فا دخل اصبعه فيه فما خرج منه فهى الدنيا

"പരലോകത്തെ അപേക്ഷിച്ച് ഇഹലോകം ഇതുപോലെ മാത്രമാകുന്നു: നിങ്ങളിലൊരാൾ കടലിൽ ചെന്ന് വിരൽമുക്കിയാൽ അതിൽ പറ്റുന്ന നനവ് അതാണ് ഇഹലോകം." നബി(സ) പ്രസ്താവിച്ചതായി ഇബ്നു മസ്ഊദ് ഉദ്ധരിക്കുന്നു: "അല്ലാഹു ഇഹലോകത്തെ തുഛമാക്കിയിരിക്കുന്നു. അതിൽനിന്ന് ശേഷിക്കുന്നതും തുഛംതന്നെ." പ്രവാചകനിൽനിന്ന് അബൂമൂസൽ അശ്അരി ഉദ്ധരിക്കുന്നു: "ഇഹലോകത്തെ പ്രേമിച്ചവൻ തന്റെ പരലോകത്തെ കുഴപ്പത്തിലാക്കി. പരലോകത്തെ പ്രേമിച്ചവൻ ഇഹലോകത്തെയും. അതിനാൽ നശിച്ചു പോകുന്നതിനു മീതെ എന്നെന്നും നിലനിൽക്കുന്ന ദീനിനെ തെരഞ്ഞെടുക്കുവിൻ." പ്രവാചകൻ പറയുന്നതുകേട്ടതായി മാലികുൽ അശ്അരി: "ഭൗതിക ജീവിതത്തിന്റെ മധുരം പരലോകത്തിന്റെ കയ്പാണ്; ഭൗതിക ജീവിതത്തിന്റെ കയ്പ് പരലോകത്തിന്റെ മധുരവും." പ്രവാചകൻ ഒരാളെ ഉപദേശിച്ചതായി സഹ്‌ലുബിൽസഅ്ദ് ഉദ്ധരിക്കുന്നു: "ഭൗതിക സുഖങ്ങളിൽ വിരക്തനാവുക; അല്ലാഹു നിങ്ങളെ സ്നേഹിക്കും. ജനങ്ങളുടെ കൈകളിലുള്ളതിൽ വിരക്തനാകുക; ജനങ്ങളും നിങ്ങളെ സ്നേഹിക്കും."

**39:** സമൂഹത്തിന്റെ രക്ഷക്കുവേണ്ടി സമരത്തിനു പുറപ്പെടാൻ വിസമ്മതിക്കുന്നവർക്കുള്ള ഗുരുതരമായ താക്കീതാണിത്. രണ്ടു കാര്യങ്ങൾ ചൂണ്ടിയാണ് ഭീഷണിപ്പെടുത്തുന്നത്. ഒന്ന്, കഠോരമായ ശിക്ഷ. ഇത് മൂന്ന് തരത്തിലാവാം. ഒന്ന് ശത്രുക്കളുടെ ആക്രമണം മൂലം ഏൽക്കേണ്ടിവരുന്ന ദുരിതം. തക്കസമയത്ത് ശത്രുവിനെ പ്രതിരോധിക്കാൻ തയാറാവാത്ത സമൂഹം അവരാൽ കീഴടക്കപ്പെടാൻ വിധിക്കപ്പെട്ടിരിക്കുന്നു. രണ്ട്, അല്ലാഹുവിന്റെ കോപം മൂലം ഭവിക്കുന്ന ക്ഷാമം, വരൾച്ച, പ്രളയം തുടങ്ങിയ വിപത്തുകൾ. മൂന്ന്, പരലോകത്ത് ലഭിക്കുന്ന ശിക്ഷ. ആദ്യത്തെ രണ്ടു ശിക്ഷകളിൽ ഏതെങ്കിലും ഒന്നോ രണ്ടും ഒരുമിച്ചോ സംഭവിക്കാം. രണ്ടും സംഭവിച്ചില്ല എന്നും വരാം. എന്നാൽ മൂന്നാമത്തെ ശിക്ഷ ഒരിക്കലും ഒഴിവായിപ്പോകില്ല. പ്രവാചകനും അദ്ദേഹത്തെ പിന്തുടർന്നവരും ശത്രുക്കളെ പിന്തിരിപ്പിച്ചതിനാൽ ത്വബൂക്കിൽനിന്ന് മാറിനിന്നവർ ഒന്നാമത്തെ ശിക്ഷക്കിരയായില്ല. ത്വബൂക്കിലേക്ക് പുറപ്പെടാൻ വിസമ്മതിച്ച ചില അറേബ്യൻ ഗോത്രങ്ങളെ കടുത്ത അനാവൃഷ്ടി ബാധിച്ചതായും അവരുടെമേൽ പതിച്ച ദൈവികശിക്ഷയായിരുന്നു അതെന്നും ഇബ്നു അബ്ബാസ് പ്രസ്താവിച്ചിരിക്കുന്നു. ശിക്ഷ പരലോകത്തനുഭവിക്കുന്നതാകട്ടെ, പ്രകൃതി വിപത്തുകളാവട്ടെ, ശത്രുക്കളാലുണ്ടാകുന്നതാവട്ടെ എല്ലാം അല്ലാഹുവിന്റെ ഇഛയും നിയമവുമനുസ

രിച്ചാണ് ഉണ്ടാകുന്നത്. അതുകൊണ്ടാണ് അതിനെക്കുറിച്ച് 'അവൻ നിങ്ങളെ ശിക്ഷിക്കും' -يُعَذِّبْكُمْ- എന്നു പറഞ്ഞത്.

നിലനിൽപിനുവേണ്ടി പോരാടാൻ തയാറാകാത്തവർ പൂർണമായി ഉന്മൂലനം ചെയ്യപ്പെട്ടുവെന്നും വരാം. അതും അല്ലാഹുവിന്റെ നടപടിയിൽ പെട്ടതാണ്.

അല്ലാഹു ഒരു ജനതയുടെയും ആശ്രിതനല്ല. എല്ലാ ജനതകളും അവന്റെ സൃഷ്ടികളും അടിമകളുമാണ്. ഓരോ സൃഷ്ടിക്കും ഓരോ ജന്മദൗത്യം നിശ്ചയിച്ചിട്ടുണ്ട്. ഒരു സൃഷ്ടി അതു നിറവേറ്റുന്നില്ലെങ്കിൽ അതിനെ നശിപ്പിച്ച് തൽസ്ഥാനത്ത് മറ്റൊന്നിനെ നിയോഗിക്കാൻ അവന് ആരുടെയും സമ്മതം വേണ്ട. മുസ്‌ലിം സമുദായം അതിന്റെ ദൗത്യം നിർവഹിക്കുന്നില്ലെങ്കിൽ അവരോടും അവൻ സ്വീകരിക്കുന്ന നടപടി ഇതുതന്നെയായിരിക്കും. ഈ ആശയം നേരത്തെ സൂറ അൽമാഇദ 54-ാം സൂക്തത്തിൽ ഇങ്ങനെ ഉണർത്തിയിട്ടുണ്ട്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ مَن يَرْتَدَّ مِنكُمْ عَن دِينِهِۦ فَسَوْفَ يَأْتِى ٱللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُۥٓ أَذِلَّةٍ عَلَى ٱلْمُؤْمِنِينَ أَعِزَّةٍ عَلَى ٱلْكَٰفِرِينَ يُجَٰهِدُونَ فِى سَبِيلِ ٱللَّهِ وَلَا يَخَافُونَ لَوْمَةَ لَآئِمٍ ۚ ذَٰلِكَ فَضْلُ ٱللَّهِ يُؤْتِيهِ مَن يَشَآءُ ۚ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٥٤﴾

"അല്ലയോ വിശ്വസിച്ചവരേ, നിങ്ങളിൽ വല്ലവനും തന്റെ ദീനിൽനിന്ന് പിന്മാറിപ്പോകുന്നുവെങ്കിൽ അല്ലാഹുവിന് അതുകൊണ്ട് ഒരു ദോഷവുമില്ല. അവൻ സ്നേഹിക്കുന്നവരും അവനെ സ്നേഹിക്കുന്നവരുമായ മറ്റൊരു ജനത്തെ അവൻ ഉയർത്തിക്കൊണ്ടുവരുന്നതാകുന്നു. അവരോ, സത്യവിശ്വാസികൾക്കു വഴങ്ങുന്നവരും സത്യനിഷേധികൾക്കു വഴങ്ങാത്തവരും അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങളർപ്പിക്കുന്നവരും യാതൊരു ആക്ഷേപകന്റെയും ആക്ഷേപം ഭയപ്പെടാത്തവരുമായിരിക്കും. അല്ലാഹു അവനിച്ഛിക്കുന്നവർക്കു നൽകുന്ന അനുഗ്രഹമത്രെ അത്. അല്ലാഹു വിശാലഹസ്തനും എല്ലാം അറിയുന്നവനുമല്ലോ." സൂറ മുഹമ്മദ് 38-ാം സൂക്തത്തിൽ പറയുന്നു:

وَإِن تَتَوَلَّوْا۟ يَسْتَبْدِلْ قَوْمًا غَيْرَكُمْ ثُمَّ لَا يَكُونُوٓا۟ أَمْثَٰلَكُم

"നിങ്ങൾ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ അവൻ മറ്റൊരു ജനത്തെ പകരം കൊണ്ടുവരും. എന്നിട്ട് അവർ നിങ്ങളെപ്പോലെയാവുകയില്ല."

അല്ലാഹു അവന്റെ വിജയത്തിനോ മറ്റേതെങ്കിലും കാര്യം സാധിക്കാനോ വേണ്ടിയല്ല, വിശ്വസിക്കാനും വിശ്വാസത്തിനു വേണ്ടി സമരം ചെയ്യാനും നിങ്ങളോടാവശ്യപ്പെടുന്നത്. അതുകൊണ്ടുള്ള നേട്ടം നിങ്ങൾക്കു തന്നെയാണ്. അവനെ അനുസരിച്ചില്ലെങ്കിലുള്ള കോട്ടവും നിങ്ങൾക്കു തന്നെ. അല്ലാഹുവിന് ഒരു ദോഷവും വരുത്താൻ നിങ്ങൾക്കാവില്ല. അവൻ നിങ്ങളുടെ ആശ്രയങ്ങൾക്കതീതനും എല്ലാറ്റിനും സ്വയം തന്നെ കഴിവുള്ളവനുമാണ്. ■